തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം – 676 502

# പണ്ഡിതസഭയുടെ ഇരുപത്തിയെട്ടാമത് യോഗതീരുമാനങ്ങൾ

**തിരൂർ, 2024 ജൂൺ 27 ന് വ്യാഴാഴ്ച, രാവിലെ 10.30 ന്**

**പങ്കെടുത്തവർ:**

1. ഡോ. എൽ. സുഷമ (വൈസ് ചാൻസലർ) (അദ്ധ്യക്ഷൻ)
2. ഡോ. സുനീത ടി.വി. (രജിസ്ട്രാർ ഇൻ ചാർജ്)
3. ഡോ. ജോണി സി. ജോസഫ്
4. ഡോ. മുഹമ്മദ് റാഫി എൻ.വി.
5. ഡോ. ബാബുരാജൻ കെ.
6. ഡോ. മഞ്ജുഷ ആർ. വർമ്മ
7. ഡോ. കെ.എസ്. ഹക്കിം
8. ഡോ. ശ്രീജ വി.
9. ഡോ. അരുൺ ബാബു വി.
10. ഡോ. സ്മിത കെ. നായർ
11. ഡോ. ശ്രീദേവി പി.

**ഓൺലൈനായി പങ്കെടുത്തവർ:**

12. ഡോ. കർണമഹാരാജൻ
13. ഡോ. സി. രാജേന്ദ്രൻ
14. ഡോ. വത്സലൻ വാതുശ്ശേരി
15. ഡോ. പി.കെ. പോക്കർ
16. ഡോ. ജെ. പ്രസാദ്
17. കലാമണ്ഡലം വിമലാമേനോൻ
18. ശ്രീമതി അശ്വതി
19. ഡോ. എൻ.പി. ചന്ദ്രശേഖരൻ
20. ഫാദർ പോൾ പൂവത്തിങ്കൽ
21. ഡോ. ഇ.കെ. ഗോവിന്ദവർമ രാജ
22. ഡോ. അരുണ പി.കെ.
23. ഡോ. ഖദീജ മുംതാസ്
24. ഡോ. കെ.എം. അനിൽ
25. ഡോ. രാജീവ്മോഹൻ ആർ.

യോഗം രാവിലെ 10.30 ന് ആരംഭിച്ചു.

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലാ പണ്ഡിതസഭയുടെ 28-ാമത് യോഗത്തിലേക്ക് സമിതി അംഗങ്ങളെ ബഹു. വൈസ് ചാൻസലർ സ്വാഗതം ചെയ്തു. തുടർന്ന് അജണ്ടകൾ ചർച്ച ചെയ്തു.

*(തുടർച്ച.....2)*

## തീരുമാനങ്ങൾ

ഇനം നമ്പർ: **2024.01**

വിഷയം: **നാലുവർഷബിരുദപ്രോഗ്രാം (FYUGP) പാഠ്യപദ്ധതി അംഗീകരിക്കുന്നത് – സംബന്ധിച്ച്**

തീരുമാനം: 2024-25 അദ്ധ്യയനവർഷം മുതൽ ആരംഭിക്കുന്ന നാലുവർഷബിരുദ പ്രോഗ്രാമിന്റെ (FYUGP) ബി.എ. മലയാളം ഓണേഴ്സ്/ഓണേഴ്സ് വിത്ത് റിസർച്ച്, ബി.എസ്.സി. പരിസ്ഥിതിപഠനവും വികസനസാമ്പത്തികശാസ്ത്രവും ഓണേഴ്സ്/ഓണേഴ്സ് വിത്ത് റിസർച്ച് എന്നിവയുടെ മേജർ കോഴ്സുകളുടെയും എബിലിറ്റി എൻഹാൻസ്മെന്റ് കോഴ്സ് (AEC), സ്കിൽ എൻഹാൻസ്മെന്റ് കോഴ്സ് (SEC), വാല്യൂ ആഡഡ് കോഴ്സ് (VAC), മൾട്ടി ഡിസിപ്ലിനറി കോഴ്സ് (MDC), മൈനർ എന്നീ കോഴ്സുകളുടെയും പാഠ്യപദ്ധതി സർവകലാശാലയിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ ചർച്ച നടന്നു. കോഴ്സിന്റെ കോഡുകൾ സംബന്ധിച്ച് വ്യക്തത വരുത്തണമെന്ന നിർദ്ദേശത്തോടെ പാഠ്യപദ്ധതി അംഗീകരിച്ചു.

(1974/എ1/2024/അക്കാദമികം - ഭരണവിഭാഗം)

ഇനം നമ്പർ: **2024.02**

വിഷയം: **നാലുവർഷബിരുദപ്രോഗ്രാം (FYUGP) ചട്ടങ്ങൾ അംഗീകരിക്കുന്നത് – സംബന്ധിച്ച്**

തീരുമാനം: നാലുവർഷബിരുദപ്രോഗ്രാം (FYUGP) ചട്ടങ്ങൾക്ക് അംഗീകാരം നൽകി.

(1974/എ1/2024/അക്കാദമികം - ഭരണവിഭാഗം)

ഇനം നമ്പർ: **2024.03**

വിഷയം: **രണ്ടു വർഷക്കാലാവധി പൂർത്തിയാക്കിയ എഴുത്തച്ഛൻപഠനസ്കൂളിന്റെ പഠനബോർഡ് പുനഃസംഘടിപ്പിച്ച വൈസ് ചാൻസലറുടെ നടപടി റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്**

തീരുമാനം: രണ്ടു വർഷക്കാലാവധി പൂർത്തിയാക്കിയ എഴുത്തച്ഛൻപഠനസ്കൂളിന്റെ പഠനബോർഡ് പുനഃസംഘടിപ്പിച്ച വൈസ് ചാൻസലറുടെ നടപടി അംഗീകരിച്ചു.

(538/2015/വി.സി. - ഭരണവിഭാഗം)

ഇനം നമ്പർ: **2024.04**

വിഷയം: **പണ്ഡിതസഭയിൽ വിദ്യാർത്ഥി പ്രതിനിധിയെ ഉൾപ്പെടുത്തണമെന്ന വിദ്യാർത്ഥികളുടെ അപേക്ഷ പരിഗണിക്കുന്നത് - സംബന്ധിച്ച്**

തീരുമാനം: പണ്ഡിതസഭയിൽ വിദ്യാർത്ഥി പ്രതിനിധിയെ ഉൾപ്പെടുത്തുന്നതിനായി സർവകലാശാലാ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുവാനും താൽക്കാലികമായി സർവകലാശാലാ യൂണിയൻ ഭാരവാഹിയെ പ്രത്യേക ക്ഷണിതാവായി പണ്ഡിതസഭയിൽ ഉൾപ്പെടുത്തുവാനും തീരുമാനിച്ചു.

*(തുടർച്ച.....3)*

നാലുവർഷബിരുദപ്രോഗ്രാം (FYUGP) ആരംഭിക്കുന്നതിനും പാഠ്യപദ്ധതിയും ചട്ടങ്ങളും തയ്യാറാക്കുന്നതിനും സമയബന്ധിതമായി പ്രയത്നിച്ച എല്ലാവരെയും യോഗം അഭിനന്ദിച്ചു. 2023 ലെ കേന്ദ്രസാഹിത്യഅക്കാദമിയുടെ ഭാഷാസമ്മാൻ പുരസ്കാരത്തിന് അർഹനായ പണ്ഡിതസഭാംഗം ഡോ. കെ.ജി. പൗലോസിനെ സഭ പ്രത്യേകം അഭിനന്ദിച്ചു.

യോഗം 12.30 ന് അവസാനിച്ചു.

**രജിസ്ട്രാർ ഇൻ ചാർജ്**